പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.260

15..12..2015 ൽ മറുപടിയ്ക്ക്

## കായൽ പ്രദേശങ്ങളുടെ വിസ്തീർണ്ണം

ചോദ്യം

ശ്രീ.എസ്.ശർമ്മ :
ശ്രീ.സി.കെ സദാശിവൻ
ശ്രീ.ബാബു എം. പാലിശ്ശേരി
ശ്രീ.എം.ചന്ദ്രൻ

ഉത്തരം

ശ്രീ . അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കായൽ പ്രദേശങ്ങളുടെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞതായുള്ള സി.ഡബ്ല്യൂ.ആർ.ഡി.എം.-ന്റെ പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സി.ഡബ്ല്യൂ.ആർ.ഡി.എം തയ്യാറാക്കിയ ശാസ്താംകോട്ട, വെള്ളായണി, കവ്വായി എന്നീ കായലുകളുടെ കർമ്മ പദ്ധതി രൂപരേഖയിൽ നിന്നും ടി. കായലുകളുടെ വിസ്തൃതി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കയ്യേറ്റങ്ങൾ സംബന്ധിച്ച് റവന്യൂ വകുപ്പ് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) & (സി) | സംസ്ഥാനത്തെ കായൽ കയ്യേറ്റങ്ങളെപ്പറ്റി പ്രത്യേക പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. എന്നാൽ ലഭ്യമായ വിവരങ്ങൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ വെള്ളാ- |
| (സി) | വ്യാപകമായി നടക്കുന്ന കയ്യേറ്റ- | | |

| | | | |
|---|---|---|---|
| | ങ്ങൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; അതിന്റെ തുടർ നടപടികൾ എന്തായെന്ന് വ്യക്തമാക്കുമോ; | | യണി കായൽ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. ടി. കായൽ പുനഃരുദ്ധാരണ സർവ്വേയുടെ ഭാഗമായി ജില്ലാകളക്ടറുടെ 08..10..2013-ലെ ജെ4-79893/13 ഉത്തരവ് പ്രകാരം പരിശോധന നടത്തി വെങ്ങാനൂർ -കല്ലിയൂർ വില്ലേജിൽ കൈയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ടി. കൈയ്യേറ്റങ്ങളിന്മേൽ ലാന്റ് കൺസർവൻസി നിയമപ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോട്ടയം താലൂക്കിൽ കുമരകം വില്ലേജിൽ 12 കേസുകളിലായി 6.43.32 ഹെക്ടർ കായൽ പുറമ്പോക്ക് കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ 4 ഹെക്ടർ 33 ച.മീ. സ്ഥലത്ത് കായൽ കയ്യേറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ 72 ആർ 46 ച.മീ. പുറമ്പോക്ക് ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്. കായലുകളിലും ജലസ്രോതസ്സുകളിലും ഉണ്ടാകുന്ന കയ്യേറ്റങ്ങളെപ്പറ്റി ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥൻമാർ റവന്യ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. പ്രധാനപ്പെട്ട ചിറകൾ, കായലുകൾ എന്നിവയുടെ സുസ്ഥിര സംരക്ഷണത്തിനായി പദ്ധതികൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തിയിട്ടുള്ള പഠനങ്ങളിൽ ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് എന്നീ റാംസർ സൈറ്റുകളായി പ്രഖ്യാപിക്കപ്പെട്ട കായലുകളുടെ വിസ്തീർണ്ണം കുറഞ്ഞതായി CWRDM രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചിറകൾ, തടാകങ്ങൾ, കുളങ്ങൾ എന്നിവയുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പ് നടത്തുന്ന പഠന പര്യവേഷണങ്ങളിലും ജലസ്രോതസ്സുകളുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തണ്ണീർത്തടങ്ങളുടെ കയ്യേറ്റങ്ങൾ സംബന്ധിച്ച് ജലസേചന വകുപ്പിൽ വിവരം നൽകുന്നതിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്ന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) 12.11.2013 ൽ പുറപ്പെടുവിച്ച സർക്കുലറിൽ പ്രസ്തുത വകുപ്പിൻ കീഴിലെ എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അന്യാധീനപ്പെട്ട പ്രസ്തുത ഭൂമികൾ തിരിച്ചുപിടിക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയത് ഫലം കണ്ടിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ; | (ഡി) | കയ്യേറ്റം കണ്ടെത്തിയ പ്രദേശങ്ങളിൽ അവ ഒഴിപ്പിക്കുന്നതിന നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ഇ) | ജലസേചനത്തെ ബാധിക്കുന്നതായ കയ്യേറ്റങ്ങൾ സംബന്ധിച്ച് ജലസേചന വകുപ്പ് റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയവയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ? | (ഇ) | കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ട കേസുകളിൽ അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ഇരു വകുപ്പുകളും ചേർന്ന് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ